# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 1298 03.10.2016 -ൽ മറുപടിയ്ക്ക്**

**<u>നദീസംയോജന പദ്ധതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. കെ. ബഷീർ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) നദീസംയോജന പദ്ധതി പ്രകാരമുള്ള നടപടികളുമായി കേന്ദ്രസർക്കാർ മുന്നോട്ട് പോകുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ നദികളെ അത് ഏതു വിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന പമ്പ – അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി പമ്പ, അച്ചൻകോവിൽ നദികളേയും അവ വന്നു പതിയ്ക്കുന്ന വേമ്പനാട് കായലിനേയും ഏതുവിധത്തിൽ ബാധിക്കുമെന്ന് CWRDM കോഴിക്കോട്, ഐ.ഐ.റ്റി. ഡൽഹി എന്നീ വിദഗ്ധ ഏജൻസികളെക്കൊണ്ട് പഠനങ്ങൾ നടത്തി കേരളം വ്യക്തത വരുത്തിയിട്ടുണ്ട്.<br>വേമ്പനാട് കായലിൽ പതിക്കുന്ന 5 നദികളെക്കുറിച്ച് സമഗ്രമായി പഠിച്ച് CWRDM 1999-ൽ സമർപ്പിച്ച റിപ്പോർട്ടിൽ ഈ നദികളിൽ അധികജലം ഇല്ല എന്നും, 2050-ാം വർഷത്തോടെ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ സാധ്യത ഉണ്ടെന്നും പ്രതിപാദിച്ചിട്ടുണ്ട്. പമ്പാ - അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിൽ വന്നാൽ പമ്പയും അച്ചൻകോവിൽ ആറും വറ്റി വരളുകയും മധ്യതിരുവിതാംകൂറിന്റെ പരിസ്ഥിതി സന്തുലനം തകരാറിലാകുകയും ചെയ്യും എന്ന് റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. വേമ്പനാട് കായലിൽ പതിയ്ക്കുന്ന ഈ നദികളിലെ നീരൊഴുക്ക് കുറയുന്നത് ഓരുവെള്ളം കയറുവാൻ ഇടയാകുകയും, കുട്ടനാട്ടിലെ കൃഷി നാശത്തിനു വഴി തുറക്കുകയും ചെയ്യും,<br>വേമ്പനാട് West Land- ന്റെ Water Balance Study നടത്തിയ ഐ.ഐ.റ്റി. ഡൽഹിയുടെ വിദഗ്ധ സംഘം 19.07.2012-നു കേരള ഗവൺമെന്റിനു സമർപ്പിച്ചിട്ടുള്ള പഠന റിപ്പോർട്ടിൽ ഈ നദീസംയോജന പദ്ധതി ഉണ്ടാക്കാൻ സാധ്യതയുള്ള Ecological impact - നെപ്പറ്റി വിശദീകരിച്ചിട്ടുണ്ട്. ദേശീയ ജല വികസന ഏജൻസി ഒരു പുതിയ നദിസംയോജന പദ്ധതി ആയി ബാരാപ്പോൾ-അപ്പർകാവേരി ലിങ്ക് പദ്ധതിയെക്കുറിച്ച് സൂചിപ്പിച്ച് കാണുന്നു. പ്രസ്തുത പദ്ധതി മൂലം വളപട്ടണം നദിയുടെ നീരൊഴുക്ക് |

കുറയും. ഈ ഭവിഷ്യത്തിനെക്കുറിച്ച് കേരളം NWDA-യെ അറിയിക്കുകയും പ്രസ്തുത പദ്ധതി നിർത്തലാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ബി) സംസ്ഥാനത്തെ പ്രധാന നദികളായ അച്ചൻകോവിൽ, പമ്പ എന്നിവയെ ഇപ്രകാരം തമിഴ് നാട്ടിലെ നദികളുമായി ബന്ധപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ എന്തെങ്കിലും നീക്കം നടത്തുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ദേശീയ ജല വികസന ഏജൻസി (NWDA) നദീ സംയോജന പദ്ധതിക്കായി തയ്യാറാക്കിയ peninsular component -ൽ 16- ാം മത്തെ ഇനമായി ഉൾപ്പെടുത്തിയിരിക്കുന്ന "പമ്പാ - അച്ചൻകോവിൽ - വൈപ്പാർ നദീ സംയോജന പദ്ധതി" കേരളത്തിലെ പമ്പാ, അച്ചൻകോവിൽ എന്നീ നദികളിലെ ജലം തമിഴ് നാട്ടിലെ വൈപ്പാർ നദീ തടത്തിലേക്ക് തിരിച്ചുകൊണ്ടു പോകുവാൻ ഉദ്ദേശിച്ചുള്ളതാണ്.

സി) കേന്ദ്രസർക്കാരിന്റെ നദീസംയോജന പദ്ധതിയെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

(സി) കേന്ദ്രസർക്കാരിന്റെ നദീസംയോജന പദ്ധതികളിൽ സംസ്ഥാനത്തെ നദികളെ സർക്കാരിന്റെ അനുമതിയില്ലാതെയാണ് ഉൾപ്പെടുത്തിയത്. കേന്ദ്ര ജല വികസന ഏജൻസി (NWDA) വിളിച്ചു ചേർത്ത വിവിധ യോഗങ്ങളിൽ കേരളം പങ്കെടുക്കുകയും നദീസംയോജനത്തിനെതിരായ കേരളത്തിന്റെ അഭിപ്രായം ശക്തമായി പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാൻ അനുവദിക്കുകയില്ല എന്നതുതന്നെയാണ് കേരളം തുടക്കം മുതൽക്കേ സ്വീകരിച്ചിരിക്കുന്ന നിലപാട്.

[signature]

സെക്ഷൻ ഓഫീസർ